(ന്യൂദൽഹിയിലെ *മർകസി മക്തബ* പ്രസിദ്ധീകരിച്ച പുസ്തകമാണ് *അടിയന്തരാവസ്ഥയിലെ പരീക്ഷണങ്ങളും ജമാഅത്തെ ഇസ്‌ലാമിയും*. യു.പി, മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ, ആന്ധ്രപ്രദേശ്, കർണാടക, ബീഹാർ എന്നീ സംസ്ഥാനങ്ങളിലെ ജമാഅത്ത് പ്രവർത്തകരുടെ അടിയന്തരാവസ്ഥാ അനുഭവങ്ങളാണ് ഇതിൽ സമാഹരിച്ചിരിക്കുന്നത്. പുസ്തകത്തിന്റെ എഡിറ്റർ ഇൻതിസാർ നഈമിന്റെ ആമുഖ ലേഖനമാണ് ഇവിടെ ചേർക്കുന്നത്)

# ജയിൽവാതിലുകൾ തുറക്കപ്പെടുന്നു

**അനുഭവം ● ഇൻതിസാർ നഈം**

**സത്യമാർഗത്തിൽ** നേരിടുന്ന തടസ്സങ്ങളെയും ബുദ്ധിമുട്ടുകളെയും സംബന്ധിച്ച് താങ്കൾ ബോധവാനാണോ? അവ നേരിടാൻ താങ്കൾ പൂർണ മനസ്സോടെ തയാറാണോ?

ജമാഅത്തെ ഇസ്‌ലാമി അംഗത്വത്തിനുള്ള അപേക്ഷാ ഫോറത്തിൽ ഏറ്റവും ഒടുവിലത്തെ ഈ ചോദ്യത്തിന് 'അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമുണ്ടെങ്കിൽ തീർച്ചയായും സന്നദ്ധനാണ്' എന്നായിരിക്കും ഓരോ അപേക്ഷകനും മറുപടി എഴുതിക്കൊടുത്തിട്ടുണ്ടാവുക.

താൻ കാൽവെച്ച താഴ്‌വര പാറക്കെട്ടുകളും മുൾച്ചെടികളും നിറഞ്ഞതാണെന്ന് പിന്നെ പലപ്പോഴും ഈ ചോദ്യം ഓർമപ്പെടുത്തുന്നു. എനിക്കും ആ ചോദ്യം പലപ്പോഴും ഓർമ വന്നു; പ്രത്യേകിച്ച് അടിയന്തരാവസ്ഥാകാലത്തെ കരാള രാത്രികളിൽ. കഠിനമായ പരീക്ഷണ ഘട്ടത്തിൽ ഒരിക്കൽ പോലും നിരാശയോ ദുഃഖമോ ഭയമോ തോന്നുകയുണ്ടായില്ല. പടച്ച തമ്പുരാന് ആയിരം സ്തുതി.

ജമാഅത്തെ ഇസ്‌ലാമി സ്വന്തം അണികൾക്ക് നൽകിയ സുശിക്ഷിതമായ തർബിയത്തിന്റെ ഫലം കൂടിയായിരുന്നു ഇത്. ഇതിന്റെ പുലർച്ച കണ്ടത് 1975 ജൂണിൽ ശ്രീമതി ഇന്ദിരാ ഗാന്ധി ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും ഇസ്‌ലാമിക പ്രസ്ഥാനം നിരോധിക്കപ്പെടുകയും ചെയ്തപ്പോഴായിരുന്നു. 1975 ജൂൺ 26ന് മുഹമ്മദ് യൂസുഫ് സിദ്ദീഖി, മുഹമ്മദ് മുസ്‌ലിം, ഷംസാദ് അലി ഖാൻ തുടങ്ങിയവരെ പോലീസ് അറസ്റ്റ് ചെയ്തു. വിവരം ലഭിച്ച ഉടനെ ഞാൻ ജമാഅത്ത് കേന്ദ്രത്തിൽ ചെന്നു. ബഹുമാന്യനായ അമീർ മുഹമ്മദ് യൂസുഫ് സാഹിബിനെ കണ്ടപ്പോഴാണ് രാംപൂരിലും നിരവധി പേർ അറസ്റ്റിലായ വിവരമറിയുന്നത്.




> **ജമാഅത്തെ ഇസ്‌ലാമിയെ നിരോധിച്ചതും നേതാക്കളെയും പ്രവർത്തകരെയും ജയിലിലടച്ചതും പ്രവർത്തകർക്കും അനുഭാവികൾക്കും പരീക്ഷണഘട്ടം തന്നെയായിരുന്നു. ഒരു സഹോദര സംഘടന അന്യായമായി നിരോധിക്കപ്പെടുകയും അതിന്റെ നേതാക്കളും പ്രവർത്തകരും പീഡിപ്പിക്കപ്പെടുകയും ചെയ്ത നിർണായക സന്ദർഭത്തിൽ മറ്റു സംഘടനകൾ സ്വീകരിച്ച നിലപാട്, ആക്ഷേപിക്കാനായിട്ടല്ല, ഒരു ചരിത്ര വസ്തുതയെന്ന നിലക്ക് നാം അറിയേണ്ടിയിരിക്കുന്നു.**

ഒമ്പത് മണിയായപ്പോൾ അപരിചിതരായ രണ്ട് പേർ ചുറ്റിക്കറങ്ങുന്നത് കണ്ടു. അവരുടെ മുഖഭാവത്തിൽനിന്ന് അവർ രഹസ്യപോലീസുകാരാണെന്ന് ഊഹിച്ചെടുക്കാൻ പ്രയാസമുണ്ടായില്ല. അവരിലൊരാൾ ഡയറി നോക്കി അമീറിന്റെയും ഖയ്യിമിന്റെയും മറ്റു ചിലരുടെയും പേര് വായിച്ച് അവരോട് പ്രദേശത്തെ പോലീസ് മേധാവിയെ ചെന്ന് കാണാനാവശ്യപ്പെട്ടു. ഞാൻ പറഞ്ഞുകൊള്ളാമെന്നറിയിച്ചപ്പോൾ അവർ സ്ഥലംവിട്ടു. അമീറിനെ വിവരമറിയിച്ച ശേഷം, ജുമാ മസ്ജിദ് പോലീസ് സ്റ്റേഷനിലേക്ക് ഫോൺ ചെയ്തു. ഇൻചാർജ് മോജീഖാനോട് വിവരം പറഞ്ഞപ്പോൾ, വാറന്റില്ലാതെ കേന്ദ്രത്തിൽ വന്നതിന് അദ്ദേഹം ക്ഷമ ചോദിച്ചു. നേരിട്ട് കാണാനാവശ്യപ്പെടുകയും ചെയ്തു. ചെന്നപ്പോഴാണറിഞ്ഞത്, മൂന്ന് പേർക്ക് അറസ്റ്റ് വാറന്റുണ്ടെന്ന്. ഞാൻ വീണ്ടും മർകസിൽ ചെന്നു. അപ്പോഴേക്കും വിവരമറിഞ്ഞ് നിരവധി യാളുകൾ എത്തിയിരുന്നു.

വൈകീട്ട് ഒരു പോലീസുകാരൻ ഖയ്യിം അഫ്സൽ ഹുസൈൻ സാഹിബിന്റെ വാറന്റുമായി വന്നു. പക്ഷേ അതിൽ അഡ്രസ് തെറ്റായിരുന്നു. അൽപ സമയം കഴിഞ്ഞ് വന്ന മോജീഖാൻ, വാറന്റ് തിരുത്തി വരാമെന്ന് പറഞ്ഞു പോകാനൊരുങ്ങവെ ആരോ ചോദിച്ചു: "ആൾ ഓടിപ്പോയാലോ?"

"ജമാഅത്തുകാരെ പറ്റി അങ്ങനെയൊരു സംശയം ഞങ്ങൾക്കില്ല" എന്നായിരുന്നു മറുപടി. പിന്നെ രണ്ടു ദിവസ

ത്തേക്ക് ആരെയും കണ്ടില്ല.

ദൽഹി മൂകമായിരുന്നു. പലേടത്തും അറസ്റ്റുകൾ നടക്കുന്നുണ്ടായിരുന്നു. എന്നാൽ എന്താണ് നടക്കുന്നതെന്ന് ആരുമറിഞ്ഞിരുന്നില്ല. 27 ജൂണിലിറങ്ങിയ *ദഅ്‌വത്തിൽ* പ്രാർഥിക്കാനും സ്ഥൈര്യവും ധൈര്യവും സംഭരിക്കാനും അമീർ ആഹ്വാനം ചെയ്തു. പിറ്റേന്ന് ചേർന്ന യോഗത്തിലും ക്ഷമിക്കാനും സഹിക്കാനും പ്രാർഥിക്കാനും സമാധാനം നിലനിർത്താനും അമീർ നിർദേശിച്ചു.

28ന് ളുഹർ നമസ്കാരശേഷം എല്ലാവരും അമീറിന്റെ മുറിയിലെത്തി. ഞാൻ ടേപ്റെക്കോർഡറുമായി ചെന്നു. അദ്ദേഹം ഹ്രസ്വമായി സംസാരിച്ചു. ദീർഘമായി പ്രാർഥിച്ചു. പുറത്തുവന്നപ്പോൾ പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥർ കാത്തുനിൽക്കുന്നു. അവർ അമീറിനും ഖയ്യിമിനും കൈകൊടുത്തു. അമീറിനെ 108-ാം വകുപ്പ് പ്രകാരവും, ഖയ്യിമിനെ 'മിസ' (Maintenance of Internal Security Act) പ്രകാരവും അറസ്റ്റ് ചെയ്തു. റോഡിൽ നിരവധി പോലീസ് വണ്ടികൾ. ഒരുപാട് പേർ അവിടെ തടിച്ചുകൂടിയിട്ടുണ്ട്. അയൽവാസികളും കച്ചവടക്കാരും അമീറിന് കൈവീശി മംഗളം നേർന്നു. പലരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. വണ്ടിയിലും കാൽനടയായും പോലീസുകാരും, റിക്ഷകളിലും മറ്റുമായി പ്രവർത്തകരും നാട്ടുകാരും ജുമാ മസ്ജിദിനടുത്തേക്ക് നീങ്ങി.

പോലീസ് സ്റ്റേഷന് മുമ്പിലെത്തിയപ്പോൾ *അൽഹസനാത്ത്* മാസികയുടെ എഡിറ്റർ അബ്ദുൽ ഹയ്യ് സാഹിബിന്റെ കാർ കണ്ടു. അമീറും കൂട്ടുകാരും അതിൽ കയറിയിരുന്നു. ആളുകൾ ചുറ്റും കൂടി. പരിചയക്കാരുടെ മുഖത്ത് ദുഃഖവും വിഷാദവും. അപരിചിതർ സാകൂതം നോക്കുന്നുണ്ടായിരുന്നു. ഏറെ സമയത്തിനു ശേഷമാണ് കോടതിയിലേക്ക് നീങ്ങിയത്.

മിസ പ്രകാരം അറസ്റ്റ് ചെയ്ത ഖയ്യിമിനെയൊഴികെ എല്ലാവരെയും കോടതിയിലേക്ക് കൊണ്ടുപോയി. രണ്ടുപേരുടെ ചാർജ്ഷീറ്റ് എസ്.ഐ ഋഷി പ്രകാശ് വായിച്ചു കേൾപിച്ചു.

"മൗലാനാ മുഹമ്മദ് യൂസുഫ്, മൗലാനാ സയ്യിദ് ഹാമിദ് അലി എന്നീ രണ്ട് പ്രതികൾ ഒരു പൊതുയോഗത്തിൽ ഇന്ദിരാഗാന്ധി സ്വേഛാധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നതുകൊണ്ട് അവരെ അധികാരത്തിൽനിന്ന് താഴെ ഇറക്കണം എന്ന് പ്രസംഗിച്ചു."

നിയമവിധേയമായല്ലാതെ പ്രവർത്തിക്കില്ലെന്ന് ഭരണഘടനയിൽ എഴുതിവെച്ച്, അതനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ നേതാക്കളെ നിയമവിരുദ്ധ പ്രവർത്തനമാരോപിച്ചാണ് കുറ്റവാളികളാക്കിയിരിക്കുന്നത്. ആരോപണം കേട്ട് ജഡ്ജി മന്ദഹസിച്ചു. വാറന്റ് പുറപ്പെടുവിച്ച് 53 മണിക്കൂറിന് ശേഷമാണോ ഈ 'രാജ്യ ദ്രോഹികളെ' അറസ്റ്റ് ചെയ്തത് എന്നായിരിക്കാം ആ മന്ദഹാസത്തിന്റെ പൊരുൾ!

"അടിസ്ഥാനരഹിതവും തെറ്റുമാണീ ആരോപണം" -അമീർ സഗൗരവം പറഞ്ഞു. സാക്ഷ്യമെന്ന നിലക്ക് ഒരുപാട് രേഖകൾ ഹാജരാക്കി. കൂട്ടത്തിൽ രാജ്യനന്മക്കായി പ്രധാനപ്പെട്ട ചില നിർദേശങ്ങൾ സമർപ്പിച്ച കത്തുമുണ്ടായിരുന്നു; അതിനെ അനുമോദിച്ചുകൊണ്ട് പ്രധാനമന്ത്രി എഴുതിയ മറുപടിയും. രാജ്യത്തിന്റെ പുരോഗതിക്കും പൊതുനന്മക്കും വേണ്ടി ജമാഅത്ത് പ്രതിജ്ഞാബദ്ധമാണെന്നതിന് നിരവധി തെളിവുകൾ സമർപ്പിക്കപ്പെട്ടു. 1974 ദൽഹിയിൽ നടന്ന അഖിലേന്ത്യാ സമ്മേളനത്തിന്റെ ആമുഖ പ്രസംഗത്തിന്റെ പ്രസിദ്ധീകരിച്ച ലിഖിത രൂപവും ഹാജരാക്കി. തെളിവുകൾക്ക് പിൻബലമേകിക്കൊണ്ട് സയ്യിദ് ഹാമിദലി സാഹിബ് ചില കാര്യങ്ങൾ പറഞ്ഞു.

അമീറിന്റെ തെളിവുകളെ ഖണ്ഡിക്കാൻ എസ്.ഐക്ക് കഴിഞ്ഞില്ല. ഇടക്കിടെ 'ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള ആഹ്വാനം' എന്ന് വെറുതെ പറഞ്ഞുകൊണ്ടിരുന്നു. അമീർ പറഞ്ഞു: "എങ്കിൽ ദൈവത്തെ സാക്ഷിയാക്കി ഞാൻ പറയുന്നത് സത്യമാണെന്ന് കൂടി പറയുക" അയാൾ അതിന് മടിച്ചു. "ദൈവത്തിനറിയാമല്ലോ സത്യം" എന്നൊക്കെ ഉരുണ്ട് കളിച്ചു. അമീർ അൽപം ദേഷ്യത്തോടെ തന്റെ ആവശ്യം ആവർത്തിച്ചു.

പ്രായാധിക്യം മാനിച്ച് കോടതിയിൽ സീറ്റ് അനുവദിച്ചെങ്കിലും മൗലാനാ നിന്നുകൊണ്ട് തന്നെയാണ് തന്റെ വാദം സമർപ്പിച്ചത്.

ചേമ്പറിൽ ചെന്ന് ഏറെനേരം സംസാരിച്ചു. 8 മണി കഴിഞ്ഞപ്പോൾ മജിസ്ട്രേറ്റ് പുറത്തുവന്നു. അദ്ദേഹത്തിന്റെ ഒരു ഉപാധിയും സ്വീകരിക്കാതെ, ജയിലിൽ പോകാൻ തീരുമാനിച്ചതോടെ ജമാഅത്തിനെക്കുറിച്ച് പൊതുവെ നല്ല അഭിപ്രായമുണ്ടായി.

എസ്.ഐ എന്റെ അടുത്തുവന്ന് പറഞ്ഞു: "നഈം സാബ്, ഇന്ദിരാഗാന്ധി ഞങ്ങളോട് കള്ളം പറയിപ്പിക്കുകയായിരുന്നു. ഞങ്ങൾ വയറിനു വേണ്ടിയാണല്ലോ ജോലി ചെയ്യുന്നത്."

"പകൽ മുഴുവൻ കള്ളം പറഞ്ഞ് നടന്നാൽ രാത്രി ഉറക്കം വരുമോ ത്യാഗി സാബ്, മനസ്സാക്ഷിക്കുത്ത് ഉണ്ടാകില്ലേ?"

അമീറും ജമാഅത്ത് പ്രവർത്തകരും പോലീസും തീസ്ഹസാരി കോടതിയിൽനിന്ന് പുറത്തുവന്നു. പരസ്പരം ആലിംഗനം ചെയ്തും കൈപിടിച്ചും യാത്ര പറഞ്ഞു. ക്ഷമ കൈക്കൊള്ളാനും പ്രാർഥിക്കാനും പര്സപരം ഉപദേശിച്ചു.

മൗലാനാ അബ്ദുൽ ഹയ്യ് സാഹിബിന്റെ കാറിൽ അമീർ, ഖയ്യിം, മൗലാനാ ഹാമിദലി, ചില മജ്‌ലിസ് ശൂറാംഗങ്ങൾ തുടങ്ങിയവർ കയറിയിരുന്നു. ശബീർ അഹ്മദ് ഫലാഹി പോലീസ് വണ്ടിയിലും കയറി. രണ്ട് വണ്ടികളും ജയിലിലേക്ക് നീങ്ങി. വഴിക്കുവെച്ച് എസ്.ഐ ഋഷി ത്യാഗി പറഞ്ഞു: "ഒരു വക്കീലിനേക്കാൾ നന്നായി മൗലാനാ സ്വന്തം വാദങ്ങൾ അവതരിപ്പിച്ചു. പക്ഷേ പത്ത് മണിവരെയല്ല, എത്ര മണി വരെ വാദിച്ചാലും യാതൊരു ഫലവുമില്ല."

കോടതി നടപടികൾ വെറും നാടകമാണെന്നും ജയിലിൽ കഴിയേണ്ടിവരുമെന്നുമായിരുന്നു അതിന്റെ സൂചന. സംസാരിച്ചുകൊണ്ടിരിക്കെ വണ്ടികൾ തീഹാർ ജയിലിന്റെ കവാടത്തിലെത്തി. ത്യാഗി ജയിൽകവാടം തുറക്കാനാവശ്യപ്പെട്ടു. നാല് 'പ്രതി'കളോടും അകത്തേക്ക് വരാനാവശ്യപ്പെട്ടു. ഞങ്ങൾ അവരുടെ സാധനങ്ങൾ അകത്തെത്തിച്ചു. കൈവീശി അഭിവാദ്യം ചെയ്തു ഞങ്ങൾ പുറത്തു കടന്നു. ഈ സംഭവങ്ങളൊക്കെ ജമാഅത്ത് നിരോധിക്കുന്നതിന് മുമ്പായിരുന്നുവെന്നതാണ് ഏറെ ദുഃഖകരം.

ദിവസങ്ങൾക്കു ശേഷം ഞാൻ മൗലാനായെ കാണുന്നത് കോടതിയിൽ ഹാജരാക്കാനായി കൊണ്ടുവരുമ്പോഴാണ്. മുഖത്ത് മായാത്ത പുഞ്ചിരി. കൈകൾ വീശി, ആംഗ്യത്തിലൂടെ ക്ഷേമമന്വേഷിക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ.

ജമാഅത്ത് നിരോധത്തെക്കുറിച്ചും നേതാക്കളുടെ അറസ്റ്റിനെക്കുറിച്ചും നേതാക്കളുടെ പ്രതികരണങ്ങൾ വന്നുകൊണ്ടിരുന്നു. മൗലാനാ അബുൽ ഹസൻ നദ്‌വി പറഞ്ഞു: "ജമാഅത്ത് പ്രവർത്തകരോട് എനിക്ക് അസൂയ തോന്നുന്നു."

നാടാകെ ജമാഅത്ത് നേതാക്കളും പ്രവർത്തകരും അറസ്റ്റ് ചെയ്യപ്പെടുമെന്നതിന്റെ മുന്നോടിയായിരുന്നു ദൽഹിയിൽ നടന്നത്. ഓഫീസുകൾ വ്യാപകമായി

റെയ്ഡ് ചെയ്യപ്പെട്ടു. ദൽഹി കേന്ദ്രത്തിൽ നിന്ന് പോലീസ് സ്വർണാഭരണങ്ങളുടെ ശേഖരം കണ്ടെടുത്തത് അവർക്കേറെ സന്തോഷത്തിന് വക നൽകി. പിറ്റേ ദിവസത്തെ പത്രങ്ങൾ 'ജമാഅത്ത് ഓഫീസിൽനിന്ന് 40-50 ലക്ഷം രൂപ വിലയുള്ള സ്വർണം-വെള്ളിയാഭരണങ്ങൾ പിടിച്ചെടുത്തു' എന്ന് വാർത്ത വന്നു. പത്രങ്ങൾക്ക് കർശനമായ സെൻസർഷിപ്പ് ഉണ്ടായിരുന്നതിനാൽ ഭരണാധികാരികൾക്ക് ഇഷ്ടപ്പെട്ട വാർത്തകൾ മാത്രമേ വെളിച്ചംകണ്ടിരുന്നുള്ളൂ. അമീർ കോടതിയിൽ വെച്ച് പ്രസ്തുത ആഭരണങ്ങൾ ജമാഅത്ത് നടത്തുന്ന പലിശരഹിത വായ്പാ പദ്ധതി പ്രകാരം ലഭിച്ച അമാനത്തുകളാണെന്നും അതിന് വ്യക്തമായ രേഖകൾ അതിന്റെ രജിസ്റ്ററുകളിലുണ്ടെന്നും വിശദീകരിച്ചെങ്കിലും ഒരു പത്രത്തിലും അക്കാര്യം വന്നില്ല.

ജൂലൈ 3 അർധരാത്രിയാണ് ജമാഅത്തിനെയും ആർ.എസ്.എസ്സിനെയും നിരോധിക്കുന്ന ഓർഡിനൻസ് പുറത്തുവന്നത്. അതോടെ ജമാഅത്തുമായി ബന്ധമുള്ളവരും അതിന്റെ ഗുണകാംക്ഷികളും യാഥാർഥ്യമറിയാനായി മർകസിലേക്ക് വന്നുകൊണ്ടിരുന്നു. മർകസിൽ വെച്ച് സയ്യിദ് ഉറൂജ്ഖാദിരി, ശഫീഅ് മൂനിസ്, സയ്യിദ് ഹാമിദ് ഹുസൈൻ തുടങ്ങിയ നേതാക്കളെയും അലീഗഢിൽനിന്ന് വന്ന വിദ്യാർഥിയെയും പോലീസ് അറസ്റ്റ് ചെയ്തു. അവർ കോടതികൾ കയറിയിറങ്ങിയെങ്കിലും നീതിയുടെ വാതിലുകൾ അവർക്ക് മുമ്പിൽ തുറന്നതേയില്ല.

ജമാഅത്തെ ഇസ്‌ലാമിയെ നിരോധിച്ചതും നേതാക്കളെയും പ്രവർത്തകരെയും ജയിലിലടച്ചതും പ്രവർത്തകർക്കും അനുഭാവികൾക്കും പരീക്ഷണഘട്ടം തന്നെയായിരുന്നു. ഒരു സഹോദര സംഘടന അന്യായമായി നിരോധിക്കപ്പെടുകയും അതിന്റെ നേതാക്കളും പ്രവർത്തകരും പീഡിപ്പിക്കപ്പെടുകയും ചെയ്ത നിർണായക സന്ദർഭത്തിൽ മറ്റു സംഘടനകൾ സ്വീകരിച്ച നിലപാട്, ആക്ഷേപിക്കാനായിട്ടല്ല, ഒരു ചരിത്ര വസ്തുതയെന്ന നിലക്ക് നാം അറിയേണ്ടിയിരിക്കുന്നു.

ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ മുഖപത്രം *അൽജംഇയ്യത്തിന്റെ* സുദീർഘമായ മുഖപ്രസംഗം, ജമാഅത്തിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളെ നിശിതമായി വിമർശിക്കുകയും നിരോധിച്ച നടപടിയെ സ്വാഗതം ചെയ്യുകയുമാണുണ്ടായത്.

സ്വന്തക്കാരുടെ പ്രാർഥനയും ഗുണകാംക്ഷയും അത്യാവശ്യമായ ഘട്ട



*മുഹമ്മദ് യൂസുഫ് സാഹിബ്*

ത്തിൽ ശൈഖുൽ ഹദീസ് മൗലാനാ മുഹമ്മദ് സകരിയ്യാ സാഹിബ് *ഫിത്നയേ മൗദൂദിയത്ത്* എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ഗുജറാത്തിയടക്കമുള്ള പ്രാദേശിക ഭാഷകളിലേക്ക് മൊഴിമാറ്റി നന്നായി പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പുസ്തകത്തിന്റെ റിവ്യു പ്രസിദ്ധീകരിക്കാനായി ഒട്ടെല്ലാ പ്രസിദ്ധീകരണങ്ങൾക്കും അയച്ചുകൊടുത്തിരുന്നു. *ബുർഹാൻ* മാസികയുടെ എഡിറ്റർ മൗലാനാ സഈദ് അഹ്മദ് അക്ബറാബാദി, ശൈഖുൽ ഹദീസും പ്രഗത്ഭ പണ്ഡിതനുമായ ഒരാൾ ഒരു പരീക്ഷണഘട്ടത്തിൽ ഇത്തരമൊരു കൃതി എഴുതിയതിനെ നിശിതമായി വിമർശിച്ചു. 1976 ജനുവരി ലക്കത്തിൽ നാല് പേജുകളിലായി എഴുതിയ ലേഖനം അവസാനിപ്പിച്ചത് ഇങ്ങനെയാണ്: "ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെട്ട സാഹചര്യത്തിൽ ഇവ്വിധം പ്രകോപനപരമായ പേര് നൽകി ഒരു പുസ്തകം പ്രസിദ്ധീകരിച്ചത് അങ്ങേയറ്റത്തെ ധാർമികാധഃപതനവും അവിവേകവുമാണെന്നതിൽ സംശയമില്ല. തബ്‌ലീഗ് ജമാഅത്ത് ഇക്കാര്യത്തിൽ താൽപര്യമെടുത്തതാകട്ടെ അതിന്റെ ലക്ഷ്യങ്ങൾക്കും മാന്യതക്കും നിരക്കാത്തതുമാണ്."

കാര്യങ്ങൾ സങ്കീർണമായിക്കൊണ്ടിരുന്നു. ഞാനും അബ്ദുല്ലാ മുബാറക് ഷാ സാഹിബും അപ്പോൾ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നില്ല. പുറംലോകത്തെ കാര്യങ്ങളറിയാൻ ഞങ്ങൾ ആവത് ശ്രമിച്ചു.

അലീഗഢിൽ ഇദാറയേ തസ്നീഫെ താലീഫിന്റെ ബാനറിൽ, ശൂറാമെമ്പറായിരുന്ന മൗലാനാ സ്വദ്റുദ്ദീൻ ഇസ്‌ലാഹി തന്റെ പ്രവർത്തനങ്ങൾ തുടരുന്നുണ്ടായിരുന്നു. മൗലാനാ സയ്യിദ് ജലാലുദ്ദീൻ ഉമരി അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നു. കേന്ദ്ര കൂടിയാലോചനാ സമിതി അംഗങ്ങളായ ഡോ. നജാത്തുല്ല സിദ്ദീഖിയും ഡോ. ഫസ്‌ലുർറഹ്മാൻ ഫരീദിയും അലീഗഢ് യൂനിവേഴ്സിറ്റിയിലെ അധ്യാപകരായിരുന്നു. ഇവരെയെല്ലാം ഒന്നിനു പിറകെ ഒന്നായി ഇരുമ്പഴികൾക്ക് പിന്നിലാക്കിയ വിവരം ഞങ്ങൾക്ക് കിട്ടി.

മൗലാനാ അഫ്സൽ ഹുസൈൻ സാഹിബിനെ 'മിസ' പ്രകാരം അറസ്റ്റ് ചെയ്തതിനാൽ, അമ്പാലയിലെ ജയിലിൽ ഏകാന്ത തടവിലായിരുന്നു പാർപ്പിച്ചിരുന്നത്. *ദഅ്‌വത്ത്*, *റേഡിയൻസ്*, *കാന്തി* എന്നീ പ്രസിദ്ധീകരണങ്ങൾ നിരോധിക്കുകയും എഡിറ്റർമാരായ മുഹമ്മദ് മുസ്‌ലിം സാഹിബ്, മുഹമ്മദ് യൂസുഫ് സിദ്ദീഖി, കൗസർ യസ്ദാനി നദ്‌വി എന്നിവരെ ജയിലിലടക്കുകയും ചെയ്തു. സിദ്ദീഖി സാഹിബിനെയും മുസ്‌ലിം സാഹിബിനെയും അമ്പാല ജയിലിൽ, കുൽദീപ് നയാർ, നാനാജി ദേശ്മുഖ്, വി.കെ മൽഹോത്ര, സൂരജ് ഭാൻ, മൗലാനാ ഇംദാദ് സാബ്‌രി തുടങ്ങിയവരോടൊപ്പം പാർപ്പിച്ചു. അടിയന്തരാവസ്ഥ പിൻവലിച്ച ശേഷം മാത്രമാണ് മോചിപ്പിച്ചത്.

അമ്പാലയിലെ നേതാക്കളുടെ ജയിൽജീവിതം ഏറെ പ്രയാസകരമായിരുന്നു. അവരെ സന്ദർശിക്കാൻ ബന്ധുക്കളെപ്പോലും അനുവദിച്ചിരുന്നില്ല. മുസ്‌ലിം സാഹിബിന്റെ കുടുംബത്തിന് അഗ്നിപരീക്ഷണമായിരുന്നു അത്. എന്നാൽ ഭാര്യയും മകൾ അസ്മയും കാണിച്ച ക്ഷമയും സ്ഥൈര്യവും അതിനവർക്ക് താങ്ങായി മകളുടെ ഭർത്താവ് ഹബീബ് ബദറിന്റെ സഹായവും ഏറെ പ്രശംസയർഹിക്കുന്നു. മുസ്‌ലിം സാഹിബിന്റെ ഒരു വിവരവുമില്ലാതിരുന്ന സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ വീട്ടിൽചെന്ന് അവരെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

അടിയന്തരാവസ്ഥയുടെ കാളരാത്രികൾ തുടർന്നുകൊണ്ടിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിലെ കവി അസീസ് ബിഖർവി എഴുതിയ കവിതയിൽ അതിന്റെ കാഠിന്യം വിവരിക്കുന്നുണ്ട്:

*അധികാരത്തിന്റെ കൈകളിൽ കോപത്തിന്റെ ഖഡ്ഗം*
*എന്തൊരു തീക്ഷ്ണ പരീക്ഷണം*
*ഞാനും നിങ്ങളും മൗനികളല്ലോ!*
*ശബ്ദങ്ങളുടെ മന്ദിരങ്ങളിലും പേനയുടെ*

*സദസ്സിലും*
*എന്തൊരു കനത്ത മൗനമിത്,*
*ഞാനും നിങ്ങളും മൗനികളല്ലോ*
*സംസാരിക്കുന്നത് കുറ്റം, മൗനം ദീക്ഷിക്കുന്നത് തെറ്റ്*
*ജീവിച്ചിരിക്കുന്നതോ അതിലേറെ ശിക്ഷാർഹം,*
*ഞാനും നിങ്ങളും മൗനികളല്ലോ!*

എന്നാൽ, ദൽഹി ജുമാ മസ്ജിദിലെ ശാഹീ ഇമാം അബ്ദുല്ലാ ബുഖാരി ധീരമായി നിലപാടെടുത്തു, ഈ മൗനം ഭഞ്ജിച്ചുകൊണ്ടിരുന്നു. അടിയന്തരാവസ്ഥയെയും ജമാഅത്ത് നിരോധത്തെയും തന്റെ ഖുത്ബകളിൽ അദ്ദേഹം നിശിതമായി എതിർത്തു.

ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറയും സത്യത്തിനു വേണ്ടി ശബ്ദിച്ചു ജമാഅത്ത് നിരോധം പിൻവലിക്കാനാവശ്യപ്പെട്ടു. ഈ സന്ദർഭത്തിലാണ് ലഖ്നൗവിലെ ദാറുൽ ഉലൂമിൽ സമ്മേളനം നടന്നത്. അതിൽ പങ്കെടുത്ത ഈജിപ്തിലെ ശൈഖുൽ അസ്ഹർ, ജമാഅത്തെ ഇസ്‌ലാമിയുടെ നിരോധം പിൻവലിക്കാനാവശ്യപ്പെട്ടു. ■ (തുടരും)

**വിവ: അബ്ദുർറഹ്മാൻ കൊടിയത്തൂർ**